'ജോലി നഷ്ടപ്പെട്ടവർ'

7 [2779] ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങൾ പൂട്ടിയതിന്റെ ഫലമായി എത്ര പേർക്ക് ജോലി നഷ്ടപ്പെട്ടു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് വി.ആർ.എസ്./എസ്.എസ്.എൻ.പി. പ്രകാരം 2634 പേർ പിരിഞ്ഞ്പോയിട്ടുണ്ട്.

വ്യവസായ സ്ഥാപനങ്ങളെ മലിനീകരണ വിമുക്തമാക്കാൻ നടപടി

8 [2780] ശ്രീ. ബിനോയ് വിശ്വം :
,, മാങ്കോട് രാധാകൃഷ്ണൻ :
,, എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മലിനീകരണം ഉൾപ്പെടെയുള്ള പരിസ്ഥിതി പ്രശ്നങ്ങൾ ഉയർത്തുന്ന വ്യവസായ സ്ഥാപനങ്ങളുണ്ടോ;

(ബി) എങ്കിൽ പൊതുമേഖലയിലും, സ്വകാര്യമേഖലയിലും മറ്റുമായി എത്ര വീതമുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദ്ദേശാനുസരണം പ്രവർത്തിക്കാത്തവ എത്രയുണ്ടെന്നു വ്യക്തമാക്കുമോ;

(ഡി) ഇത്തരം സ്ഥാപനങ്ങളെ മലിനീകരണ വിമുക്തമാക്കുന്നതിന് എന്തെല്ലാം നടപടികളെടുത്തുവരുന്നുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചേർത്തലയിലെ മാക്ഡവൽ ആന്റ് കമ്പനി, എറണാകുളത്തെ മെർക്കം ലിമിറ്റഡ്, ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ്സ്, കൊച്ചിൻ മിനറൽസ് ആന്റ് റൂട്ടൈൽസ്, തിരുവനന്തപുരത്തെ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് എന്നീ വൻകിട വ്യവസായ ശാലകൾ പരിസ്ഥിതി പ്രശ്നങ്ങൾ ഉയർത്തുന്നുണ്ട്. ഇതുകൂടാതെ ചെറികിട മേഖലയിൽ ചില വ്യവസായശാലകൾ പ്രശ്നം ഉണ്ടാക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly